## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1903** **13-02-2025 - ൽ മറുപടിയ്ക്ക്**

## സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ ധനാഗമന മാർഗ്ഗങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ വിവിധ ചെലവുകൾ നിർവ്വഹിക്കുന്നതിനുള്ള ധനാഗമ മാർഗ്ഗങ്ങൾ എതെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാന സർക്കാരിന്റെ വർഷാവർഷമുള്ള ബജറ്റ് വിഹിതത്തിന് പുറമേ, സംസ്ഥാന ഹജ്ജ് കമ്മിറ്റിയ്ക്ക് പ്രധാനമായും ഓരോ വർഷവും കേന്ദ്ര ഹജ്ജ് കമ്മിറ്റി നൽകുന്ന ഫണ്ടാണ് പ്രധാന വരുമാന മാർഗ്ഗം. ഹജ്ജ് ഹൗസ് കെട്ടിടം വിവിധ പരിപാടികൾക്ക് വിട്ടു നൽകുന്ന വാടകയിനത്തിലും ഫണ്ട് ലഭ്യമാകാറുണ്ട്. |
| (ബി) | 2024-ൽ ഹജ്ജ് കമ്മിറ്റിക്ക് ഗ്രാന്റ് ഇൻ എയ്ഡായും മറ്റ് വിധത്തിലും സംസ്ഥാന സർക്കാരിൽ നിന്നും തുക ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഉണ്ട്. 2024-25 വർഷത്തിൽ ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ ശമ്പള ഇനത്തിൽ 1731400/- രൂപയും ശമ്പളേതര ഇനത്തിൽ 2872000/- രൂപയും കണ്ണൂർ ഹജ്ജ് ക്യാമ്പ് അനുബന്ധ മരാമത്ത് ജോലികൾക്ക് 484952/-രൂപയും ലഭ്യമായിട്ടുണ്ട്. |
| (സി) | ഹജ്ജിന് പണമടയ്ക്കുന്ന ഒരോ ഹാജിയിൽ നിന്നും സംസ്ഥാന ഹജ്ജ് കമ്മറ്റിക്ക് എത്ര രൂപ വീതമാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | ഹജ്ജുമായി ബന്ധപ്പെട്ട മുഴുവൻ പണമിടപാടുകളും കേന്ദ്ര ഹജ്ജ് കമ്മിറ്റി നേരിട്ടാണ് നിയന്ത്രിക്കുന്നത്. പ്രോസസിംഗ്, ഹാന്റിലിംഗ് സപ്പോർട്ടിംഗ് അറേഞ്ച്മെന്റ് ഇനങ്ങളിലായി കേന്ദ്ര ഹജ്ജ് കമ്മിറ്റി കേരളത്തിൽ നിന്നുള്ള ഓരോ ഹാജിമാർക്കും 700/- രൂപ വീതം സംസ്ഥാന ഹജ്ജ് കമ്മിറ്റിയ്ക്ക് അനുവദിച്ചിട്ടുണ്ട്. |
| (ഡി) | 2024-ലെ ഹജ്ജ് ട്രെയിനിംഗിന് വേണ്ടി ഹാജിമാരിൽ നിന്ന് പണം വാങ്ങിയിട്ടുണ്ടോ; എങ്കിൽ ഒരോ ഹാജിയിൽ നിന്നും എത്ര രൂപ വീതം വാങ്ങിയെന്നും ആകെ എത്ര രൂപ ലഭിച്ചുവെന്നും വ്യക്തമാക്കുമോ; | (ഡി) | വാങ്ങിയിട്ടില്ല. |
| (ഇ) | 2024-ൽ ട്രെയിനിംഗ് ആവശ്യത്തിന് എത്ര രൂപയാണ് ചെലവ് വന്നിട്ടുള്ളതെന്ന് അറിയിക്കുമോ; | (ഇ) | 244446/-രൂപയാണ് ചെലവ് വന്നിട്ടുള്ളത്. |
| (എഫ്) | ഹജ്ജ് കമ്മറ്റി ജീവനക്കാർക്ക് വിമാന യാത്ര ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; | (എഫ്) | ഹജ്ജ് കമ്മിറ്റി ജീവനക്കാർക്ക് വിമാനയാത്രാ ചെയ്യുന്നതിന് അനുമതിയൊന്നും നൽകിയിട്ടില്ല. |

| | | | |
|---|---|---|---|
| | ഉണ്ടെങ്കിൽ ഏതെല്ലാം ജീവനക്കാർക്കാണ് അനുമതിയുള്ളതെന്നും 2024-ൽ ഏതെല്ലാം ജീവനക്കാർ വിമാനയാത്ര നടത്തിയെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; | | 2024 -ൽ ഹജ്ജ് കമ്മിറ്റി എക്സിക്യൂട്ടീവ് ഓഫീസർ കൂടിയായ മലപ്പുറം ജില്ലാ കളക്ടർ ഡൽഹിയിൽ ഹജ്ജുമായി ബന്ധപ്പെട്ട യോഗത്തിൽ സംബന്ധിക്കാൻ വിമാനയാത്ര നടത്തിയിട്ടുണ്ട്. |
| (ജി) | ഹജ്ജ് സേവന രംഗത്ത് പ്രവർത്തിക്കുന്ന സാമൂഹ്യ സംഘടനകളെ വിലക്കുന്ന രീതിയിൽ സർക്കാരോ ഹജ്ജ് കമ്മിറ്റിയോ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ അത് എല്ലാ സംഘടനകൾക്കും ബാധകമാണോയെന്ന് വ്യക്തമാക്കുമോ? | (ജി) | ഇല്ല. |

സെക്ഷൻ ഓഫീസർ